PTL ENTERPRISES LIMITED

Website: www.ptlenterprise.com | E.mail : investors@ptlenterprise.com | CIN - L25111KL1959PLC009300

Dated: July 18, 2025

The Secretary National Stock Exchange of India Ltd Exchange Plaza, Bandra-Kurla Complex, Bandra (E), Mumbai – 400051 Trading Symbol: PTL	The Secretary Bombay Stock Exchange Ltd Phiroze Jeejeebhoy Towers, Dalal Street, Mumbai – 400001 Scrip Code: 509220

Sub: Intimation of Newspaper Advertisement for Special Window for Re-lodgement of transfer requests of Physical shares.

Dear Sirs,

Pursuant to Regulation 30 of SEBI (Listing Obligations and Disclosure Requirements) Regulations, 2015, please find enclosed herewith the copy of advertisement published in the following newspapers: -

- Financial Express (National daily newspaper) on July 18, 2025.
- Mangalam (Daily newspaper of the State) on July 18, 2025.

This is for your information and records.

Thanking you

For **PTL Enterprises Ltd**

JYOTI UPMANYU Digitally signed by JYOTI UPMANYU Date: 2025.07.18 16:32:24 +05'30'

Jyoti Upmanyu
Company Secretary & Compliance Officer

LTIMindtree

LTIMindtree Limited

Registered Office: L&T House, Ballard Estate, Mumbai 400 001; Tel: (91 22) 6776 6776; Fax: (91 22) 2858 1130,
E-mail: investor@ltimindtree.com; Website: www.ltimindtree.com, Corporate Identity Number: L72900MH1996PLC104693

EXTRACT OF FINANCIAL RESULTS FOR THE QUARTER ENDED JUNE 30, 2025

₹ in million, except per share data

Particulars	Consolidated			
	Quarter ended			Year ended
	June 30, 2025	March 31, 2025	June 30, 2024	March 31, 2025
	(Unaudited)	(Unaudited)	(Unaudited)	(Audited)
Total income	102,327	100,229	93,697	389,978
Net profit before tax	17,262	15,293	15,256	62,142
Net profit after tax	12,546	11,286	11,351	46,020
Total comprehensive income	13,063	14,136	12,571	45,474
Equity share capital	296	296	296	296
Other equity (Including Non-controlling interests)*	226,819	226,819	199,968	226,819
Earnings per share (not annualized) (Face value of ₹ 1/- each)				
a) Basic (in ₹)	42.33	38.10	38.30	155.29
b) Diluted (in ₹)	42.28	38.04	38.23	155.00

₹ in million

Particulars	Standalone			
	Quarter ended			Year ended
	June 30, 2025	March 31, 2025	June 30, 2024	March 31, 2025
	(Unaudited)	(Unaudited)	(Unaudited)	(Audited)
Total income	98,998	96,502	90,957	376,563
Net profit before tax	17,523	14,516	14,821	59,687
Net profit after tax	12,974	10,786	11,062	44,465
Total comprehensive income	12,683	13,427	12,349	43,979

*Balances for three months ended June 30, 2025 and three months ended March 31, 2025 represent balances as per the audited consolidated balance sheet for the year ended March 31, 2025 and balance for three months ended June 30, 2024 represent balances as per the audited consolidated balance sheet for the year ended March 31, 2024 as required by Securities and Exchange Board of India (Listing Obligations and Disclosure Requirements) Regulations, 2015.

Notes:

1. The consolidated and standalone financial results of LTIMindtree Limited ('the Company') for the quarter ended June 30, 2025 have been subjected to limited review by the statutory auditors. The results have been reviewed by the Audit Committee of the Board and approved by the Board of Directors at its meeting held on July 17, 2025.
2. The above is an extract of the detailed format of the financial results filed with the Stock Exchanges under Regulation 33 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015. The full format of the consolidated financial results and the standalone financial results for the quarter ended June 30, 2025 are available on the Stock Exchanges website of BSE (www.bseindia.com), NSE (www.nseindia.com) and the Company's website at www.ltimindtree.com/investors. The website can be accessed by scanning the QR:
3. Results for the quarter ended June 30, 2025 are in compliance with the Indian Accounting Standards (Ind AS) notified by the Ministry of Corporate Affairs as prescribed under section 133 of the Companies Act, 2013.
4. The Board of Directors had recommended a final dividend of ₹ 45/- per equity share of face value ₹ 1/- each for the financial year ended March 31, 2025 which was approved by the shareholders at the Annual General Meeting held on May 30, 2025 and accordingly paid before end of the quarter.
5. Figures for the earlier period(s) have been regrouped, wherever necessary.

For **LTIMindtree Limited**

Venugopal Lambu
Chief Executive Officer & Managing Director

Place: Mumbai, India
Date: July 17, 2025

VEEJAY LAKSHMI ENGINEERING WORKS LIMITED
Regd. Office: Sengalipalayam, NGGO Colony Post, Coimbatore – 641022
E-mail: compsec@veejaylakshmi.com
Website: www.veejaylakshmi.com
CIN: L29191TZ1974PLC000705

NOTICE

NOTICE is hereby given pursuant to Reg.47 of the SEBI Listing Regulations, that a Meeting of the Board of Directors of the Company is scheduled to be held on Thursday, the 7th August 2025 at Coimbatore, Tamilnadu inter-alia, to consider, approve and take on record, the unaudited Financial Results of the Company for the quarter ended June 30, 2025 along with other subjects.

For VEEJAY LAKSHMI ENGINEERING WORKS LIMITED
Coimbatore — V.J. Jayaraman
15.07.2025 — Chairman

PTL Enterprises Ltd.

Regd. Office: 3rd floor, Areekal Mansion, Near Manorama Junction, Panampilly Nagar, Kochi- 682036
CIN – L25111KL1959PLC009300, Website – www.ptlenterprise.com, Email – investors@ptlenterprise.com;
Tel: 0484-4012046, 4012047

Special Window for Re-lodgement of Transfer Requests of Physical Shares

Notice is hereby given that pursuant to SEBI Circular No. SEBI/HO/MIRSD/MIRSD-PoD/P/CIR/2025/97 dated July 2, 2025, a Special Window has been opened for a period of six months, from July 7, 2025 to January 6, 2026, for the re-lodgement of transfer deeds.

During this period, transfer deeds that were originally lodged prior to April 1, 2019, but were rejected/ returned/ not attended to due to deficiency in the documents/ process/ or otherwise, may be re-lodged for processing.

Accordingly, eligible shareholders who missed the earlier deadline of March 31, 2021 for re-lodging the above-mentioned transfer requests, are encouraged to re-lodge them along with the requisite documents to the Company's Registrar and Transfer Agent i.e., Alankit Assignments Limited, Alankit House, 4E/2, Jhandewalan Extension, New Delhi-110055; Contact No.: 011-42541234/ 23541234; Email: rta@alankit.com.

Please note that the shares re-lodged for transfer shall be processed only in demat mode.

For **PTL Enterprises Ltd.**
Sd/-
Jyoti Upmanyu
Company Secretary & Compliance Officer

Date : **July 17, 2025**
Place: **Gurugram**

JAYSYNTH

JAYSYNTH ORGOCHEM LIMITED
(Formerly known as JD Orgochem Limited)
CIN: L24100MH1973PLC016908
Registered Office: 301, Sumer Kendra, P. B. Marg, Worli, Mumbai – 400 018
Email Id: investor.relations@jaysynth.com : **Website:** www.jaysynth.com
Tel No.: 022- 49384200/4300

TRANSFER OF UNCLAIMED/UNPAID DIVIDEND AND EQUITY SHARES OF THE COMPANY TO INVESTOR EDUCATION AND PROTECTION FUND (IEPF) AUTHORITY

Notice is hereby given to the Members of the Company that pursuant to Section 124(6) of the Companies Act, 2013 ("the Act") read with Rule 6 of the Investor Education and Protection Fund Authority (Accounting, Audit, Transfer and Refund) Rules, 2016 as amended ("the Rules") that all dividends remaining Unclaimed/Unpaid for a period of 7 (Seven) consecutive years from the date of transfer to Unpaid Dividend Account are required to be transferred by the Company to the Investor Education and Protection Fund (IEPF) Authority established by the Central Government.

In terms of the Rules, the final equity dividend declared by the erst while Jaysynth Dyestuff (India) Limited [Merged with Jaysynth Orgochem Limited (Formerly known as JD Orgochem Limited) w.e.f. 03rd May, 2024] on 11th September, 2018 for the Financial Year 2017-18, which remains Unclaimed/Unpaid for a period of 7 (Seven) consecutive years and the shares of the Company [allotted in lieu of shareholding in erstwhile Jaysynth Dyestuff (India) Limited] in respect of which dividend has not been claimed for a period 7 (Seven) consecutive years are due to be credited in favour of IEPF on 16th October, 2025.

Members are requested to note that the dividend declared by the Company for the Financial Year 2017-18, which has remained Unclaimed/Unpaid for a period of 7 (Seven) consecutive years will be due for transfer to IEPF Authority on 16th October, 2025. The corresponding shares on which dividend remained Unclaimed/Unpaid for 7 (Seven) consecutive years will also be due for transfer along with the dividend referred above as per the procedure set out in the Rules.

In compliance with the requirements of the said Rules, the Company has communicated individually to all those Members whose Unclaimed/Unpaid dividend and shares are liable to be transferred to the IEPF Authority at their registered addresses. The Company has also uploaded full details of those Members whose Unclaimed/Unpaid dividend and shares are liable to be transferred to the IEPF Authority on its website at **www.jaysynth.com**.

Concerned Members of the Company are hereby requested to claim the dividend declared during the Financial Year 2017-18 on or before 10th October, 2025, failing which the Company shall transfer the dividend for the Financial Year 2017-18 and the corresponding shares to the IEPF Authority without any further intimation.

Further please note that no claim shall lie against the Company in respect of Unclaimed/Unpaid dividend amount and shares transferred to IEPF Authority. The Members may claim the dividend and corresponding shares transferred to the IEPF Authority including all the benefits accruing on such shares, if any, from the IEPF Authority after following the procedure prescribed in the Rules.

For any queries/information/clarification in the subject matter, may write to us at:

Dilip Rajpurohit M/s MUFG Intime India Private Limited (Formerly Known as M/s Link Intime India Private Limited) C 101, 247 Park, L.B.S. Marg, Vikhroli (West), Mumbai – 400 083 Email: rnt.helpdesk@in.mpms.mufg.com Tel No. +91 8108116767 Fax No. 022-4918 6060	Riddhi Kunal Saraiya Company Secretary and Compliance Officer Jaysynth Orgochem Limited (Formerly known as JD Orgochem Limited) 301, Sumer Kendra, P.B. Marg, Worli, Mumbai – 400 018 Email: investor.relations@jaysynth.com Tel No. 022-4938 4200/4300

For Jaysynth Orgochem Limited
sd/-
Riddhi Kunal Saraiya
Company Secretary and Compliance Officer

Place: Mumbai
Date: 17th July, 2025

POLYCAB

POLYCAB INDIA LIMITED

Registered Office : Unit 4, Plot Number 105, Halol Vadodara Road, Village Nurpura, Taluka Halol, Panchmahal, Gujarat 389350
Corporate Office : #29, The Ruby, 21st Floor, Senapati Bapat Marg, Tulsi Pipe Road, Dadar (West), Mumbai - 400028
CIN : L31300GJ1996PLC114183; **Tel.:** +91 22 67351400; **Website :** www.polycab.com; **E-mail :** shares@polycab.com

CONSOLIDATED FINANCIAL RESULTS FOR THE QUARTER ENDED 30 JUNE 2025

(₹ Million, except per share data)

Particulars	Quarter ended			Year ended
	30 Jun 25	31 Mar 25	30 Jun 24	31 Mar 25
	Unaudited	Audited	Unaudited	Audited
Total Income from operations	59,859.21	70,338.68	47,564.35	2,26,159.49
Net profit for the period before tax	8,005.87	9,605.57	5,333.68	27,008.45
Net profit for the period after tax	5,996.96	7,343.62	4,016.19	20,455.37
Total Comprehensive Income for the period (Comprising Profit for the period (after tax) and Other Comprehensive Income (after tax))	5,902.53	7,379.77	3,924.44	20,385.67
Equity Share Capital (Face value of ₹ 10/- each)	1,505.06	1,504.26	1,502.95	1,504.26
Reserves as shown in the Audited Balance Sheet				96,745.99
Earnings Per Share (Face value of ₹ 10/- each) #				
a) Basic	39.36	48.31	26.35	134.34
b) Diluted	39.21	48.13	26.26	133.80

 # not annualised for quarters

Notes

1) The above consolidated financials results have been reviewed by the Audit Committee and approved by the Board of Directors at its meeting held on 17 July 2025.
2) Additional information of standalone financial results are as follows:

(₹ Million)

Particulars	Quarter ended			Year ended
	30 Jun 25	31 Mar 25	30 Jun 24	31 Mar 25
	Unaudited	Audited	Unaudited	Audited
Total Income from operations	57,868.60	68,981.65	46,612.03	2,21,328.61
Net profit for the period before tax	7,562.43	9,521.81	5,147.36	26,385.46
Net profit for the period after tax	5,678.25	7,306.88	3,876.68	20,019.60

3) The above is an extract of the detailed format of quarterly/ yearly financial results filed with the Stock Exchanges under Regulation 33 of the SEBI (Listing and Other Disclosure Requirements) Regulations, 2015. For full format of the quarterly/ yearly financial results, visit Stock Exchanges website (www.bseindia.com, www.nseindia.com), Company website (www.polycab.com) or scan below QR code.

For and on behalf of the Board
Inder T. Jaisinghani
Chairman & Managing Director
DIN : 00309108

Place : Mumbai
Date : 17 July 2025

Jio Credit Ltd.

Jio Credit Limited

(Formerly known as Jio Finance Limited
which was formerly known as Reliance Retail Finance Limited)
Registered Office: 1st Floor, Building 4NA, Maker Maxity, Bandra Kurla Complex, Bandra East, Mumbai - 400051, India
E-mail: we.care@jiocredit.in | Website: www.jiocredit.in
CIN: U64990MH2000PLC123731

UNAUDITED FINANCIAL RESULTS FOR THE QUARTER ENDED JUNE 30, 2025

(Rs. in crores)

Sr. No.	Particulars	Quarter ended June 30, 2025	Quarter ended June 30, 2024	Year ended March 31, 2025
		Unaudited	Unaudited	Audited
1.	Total Income from Operations	251.29	69.86	358.38
2.	Net Profit/ (Loss) for the period (before Tax, Exceptional and/ or Extraordinary items)	60.43	48.76	144.93
3.	Net Profit/ (Loss) for the period before tax (after Exceptional and/ or Extraordinary items)	60.43	48.76	144.93
4.	Net Profit/ (Loss) for the period after tax (after Exceptional and/ or Extraordinary items)	45.22	36.49	108.31
5.	Total Comprehensive Income for the period [Comprising Profit/ (Loss) for the period (after tax) and Other Comprehensive Income (after tax)]	44.95	36.42	108.31
6.	Paid up Equity Share Capital	85.50	68.12	85.50
7.	Reserves (excluding Revaluation Reserve)	676.18	559.37	631.23
8.	Securities Premium Account	4,221.76	3,238.90	4,221.76
9.	Net worth	4,973.88	3,861.75	4,928.59
10.	Paid up Debt Capital/ Outstanding Debt	8,533.80	-	5,970.00
11.	Outstanding Redeemable Preference Shares	-	-	-
12.	Debt Equity Ratio	1.71	-	1.21
13.	Earnings Per Share (of Rs. 10/- each) (for continuing and discontinued operations) -			
	1. Basic:	5.29	5.36	15.84
	2. Diluted:	5.29	5.36	15.84
14.	Capital Redemption Reserve	NA	NA	NA
15.	Debenture Redemption Reserve	NA	NA	NA
16.	Debt Service Coverage Ratio	NA	NA	NA
17.	Interest Service Coverage Ratio	NA	NA	NA

Notes:

1. These financial results have been reviewed and recommended by the Audit Committee in its meeting held on July 17, 2025 and approved by the Board of Directors in their meeting held on the same date. The statutory auditors of the Company have expressed an unmodified conclusion on the financial results for the quarter ended June 30, 2025.
2. The above is an extract of the detailed format of the Unaudited Financial Results filed with the Stock Exchanges under Regulation 52 of Securities and Exchange Board of India (Listing Obligations and Disclosure Requirements) Regulations, 2015. The full format of the Unaudited Financial results for the quarter ended June 30, 2025 are available on the Stock Exchange's websites (**https://www.bseindia.com** / **https://www.nseindia.com/**), and on the Company's webpage **https://www.jiocredit.in/financials/**.
3. For the other line items referred in Regulation 52(4) of the amended Listing Regulations, pertinent disclosures have been made to the Stock Exchange(s) and can be accessed through the website links given in point no. 2 above.

For Jio Credit Limited
(Formerly known as Jio Finance Limited which was formerly known as Reliance Retail Finance Limited
Sd/-
Kusal Roy
Managing Director and Chief Executive Officer
(DIN : 02268654)

Date : July 17, 2025
Place : Mumbai

വിരമിച്ച ബാങ്ക് ജീവനക്കാരുടെ ഉപവാസ സത്യാഗ്രഹം നാളെ

കൊച്ചി: ബാങ്കിംഗ് മേഖല പെൻഷൻകാരുടെ നേതൃത്വത്തിൽ നടക്കുന്ന ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി ബാങ്ക് ദേശസാൽക്കരണ ദിനമായ 19ന് കേരളത്തിൽ നാല് കേന്ദ്രങ്ങളിൽ കൂട്ട ഉപവാസവും ധർണയും നടക്കുമെന്ന് ജോയിന്റ് ഫോറം ഓഫ് ബാങ്ക് റിട്ടയറീസ്-കേരള (ജെഎഫ്ബിആർകെ) ഭാരവാഹികൾ അറിയിച്ചു.കേരളത്തിൽ തിരുവനന്തപുരം രാജ്ഭവൻ പരിസരം,എറണാകുളം രാജേന്ദ്ര മൈതാനം,കോഴിക്കോട് ജിഎസ്ടി ഓഫീസ് പരിസരം,കാസർകോട് കാഞ്ഞങ്ങാട് മാന്തോപ്പ് മൈതാനം എന്നീ കേന്ദ്രങ്ങളിലാണ് കൂട്ട ഉപവാസവും ധർണ്ണയും നടക്കുക. എറണാകുളത്ത് രാവിലെ 9:30 ന് എറണാകുളം ബോട്ട്ജെട്ടിയിൽ നിന്നും കാൽനട ജാഥ ആരംഭിക്കും.ബാങ്കിംഗ് മേഖലയിൽ ആർബിഐ മാതൃകയിൽ പെൻഷൻ വർദ്ധ നടപ്പിലാക്കുക , പെൻഷൻകാർക്കുള്ള മെഡിക്കൽ ഇൻഷറൻസ് പ്രീമിയ ബാങ്കുകൾ വഹിക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുള്ള ധർണ എം.പി ഹൈബി ഈഡൻ ഉദ്ഘാടനം ചെയ്യും. ഓൾ ഇന്ത്യ ബാങ്ക് പെൻഷനേഴ്സ് ആൻഡ് റിട്ടയറീസ് കോൺഫെഡറേഷൻ സംസ്ഥാന അധ്യക്ഷൻ ടോം തോമസ് അധ്യക്ഷത വഹിക്കും. സമാപനസമ്മേളനം മുൻ എം.പി തമ്പാൻ തോമസ് ഉദ്ഘാടനം ചെയ്യും. മുൻ എഐബിഒസി സംസ്ഥാന അധ്യക്ഷൻ വി.കെ പ്രസാദ് മുഖ്യപ്രഭാഷണം നടത്തും. വാർത്താസമ്മേളനത്തിൽ എഐബിഎആർസി സംസ്ഥാന സെക്രട്ടറി കെ മോദരൻ നമ്പൂതിരി, സി.ജി രാജഗോപാൽ, ഇ.കെ ഗോകുലൻ, ജോസഫ് പാലക്കൻ,എസ് കനകരാജ് എന്നിവർ പങ്കെടുത്തു.

യു.ഡി.എഫ് പ്രതിഷേധ സംഗമം 23 ന് കൊച്ചിയിൽ

കൊച്ചി: പൊതുജന ആരോഗ്യത്തെയും ഉന്നത വിദ്യാഭ്യാസ രംഗത്തെയും തകർത്ത സംസ്ഥാന സർക്കാരിനെതിരെ 23 ന് കളക്ട്രേറ്റിന് മുമ്പിൽ പ്രതിഷേധ സംഗമം സംഘടിപ്പിക്കാൻ യുഡിഎഫ് ജില്ലാ നേതൃയോഗം തീരുമാനിച്ചു.ഗവർണർക്കും സർക്കാരിനും ചക്കളത്തിപ്പോര് നടത്താനുള്ള ഇടമല്ല കേരളത്തിലെ സർവകലാശാലകളെന്നും നേതൃയോഗം കുറ്റപ്പെടുത്തി. യോഗം കെ.പി.സി.സി വൈസ് പ്രസിഡന്റ് വി.പി സജീന്ദ്രൻ ഉദ്ഘാടനം ചെയ്തു.യുഡിഎഫ് ജില്ലാ ചെയർമാൻ ഡോമിനിക് പ്രസന്റേഷൻ അധ്യക്ഷനായി. ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, യുഡിഎഫ് ജില്ലാ കൺവീനർ ഷിബു തെക്കുംപുറം, അൻവർ സാദത്ത് എം.എൽ.എ, യുഡിഎഫ് നേതാക്കളായ ദീപ്തി മേരി വർഗീസ്, അബ്ദുൽ ഗഫൂർ, ജോണി അരീക്കാട്ടിൽ, ജോർജ് സ്റ്റീഫൻ, ഇ എം മൈക്കിൾ, വി കെ സുനിൽ കുമാർ, പി രാജേഷ്, തമ്പി ചെള്ളത്ത് , എൻ.ഒ. ജോർജ് , നവീൻ ശശിധരൻ, ഒ. ദേവസി എന്നിവർ പ്രസംഗിച്ചു.

വികസിത കേരളം:ബി.ജെ.പി ജില്ലാ ഹെൽപ്പ് ഡസ്ക്ക്

കൊച്ചി: കേന്ദ്ര സർക്കാരിന്റെ ജനക്ഷേമ പദ്ധതികൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി ബിജെപി സംസ്ഥാന തലത്തിൽ ആരംഭിച്ച വികസിത കേരളം ഹെൽപ്പ് ഡസ്ക്കിന്റെ എറണാകുളം സിറ്റി ജില്ലാ ഹെൽപ്പ് ഡസ്ക്ക് ബി.ജെ.പി സംസ്ഥാന ഉപാധ്യക്ഷനും ഹെൽപ്പ് ഡസ്ക്ക് സംസ്ഥാന ഇൻ ചാർജുമായ സി.കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു.ബി.ജെ.പി ജില്ലാഓഫീസിൽ നടന്ന ചടങ്ങിൽ സിറ്റി ജില്ലാ പ്രസിഡണ്ട് അഡ്വ. കെ.എസ്. ഷൈജു അധ്യക്ഷത വഹിച്ചു.

ഹെൽപ്പ് ഡസ്ക്ക് സംസ്ഥാന സഹ ഇൻ ചാർജ് എ.അനുപ്,ജില്ലാ ഇൻ ചാർജ് അഡ്വ. രമാദേവി തോട്ടുങ്കൽ, ബി ജെ പി ജില്ലാ ജന. സെക്രട്ടറിമാരായ അഡ്വ.എസ്.സജി,അഡ്വ. പ്രിയ പ്രശാന്ത്,ഹെൽപ്പ് ഡസ്ക്ക് ഇൻ ചാർജ് സജീവൻ സി.എ എന്നിവർ പ്രസംഗിച്ചു.ബിജെപി ജില്ലാ സെക്രട്ടറിമാരായ ഡോ. ജലജ ആചാര്യ,ടി.പദ്മ കുമാരി,ജില്ലാ ട്രഷറർ പ്രസ്റ്റി പ്രസന്നൻ, സോഷ്യൽ മീഡിയ ജില്ലാ കൺവീനർ കെ.എസ്.ഉണ്ണി എന്നിവർ സന്നിഹിതരായിരുന്നു.ഹെൽപ്പ് ഡസ്ക്ക് സേവനം: 0484-2351419, 8138921649, 8138843198 എന്നീ നമ്പറുകളിൽ രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെ ലഭ്യമാണ്.

■ ശ്രേഷ്ഠ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവയ്ക്ക് കോതമംഗലം രൂപത നൽകിയ സ്വീകരണത്തിൽ നിന്ന് .

ശ്രേഷ്ഠ ബാവായ്ക്ക് കോതമംഗലം രൂപത സ്വീകരണം നൽകി

കൊച്ചി: വനസംരക്ഷണവും വന്യജീവിസംരക്ഷണവും പരമപ്രധാനമെന്നതു പോലെ മനുഷ്യജീവനും ഉപജീവനമാർഗങ്ങൾക്കും ഭീഷണിയാകുന്ന വന്യജീവി ആക്രമണങ്ങൾക്കെതിരെ ശാശ്വത പരിഹാരം വേണമെന്ന് ശ്രേഷ്ഠ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് ബാവ പറഞ്ഞു. മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ കോതമംഗലം രൂപത നൽകിയ സ്വീകരണത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു ശ്രേഷ്ഠ ബാവ. വനാതിർത്തിയോട് ചേർന്നു ജീവിക്കുന്നവർക്ക് വന്യജീവി ഭീതി കൂടാതെ ജീവിക്കാനുള്ള സാഹചര്യമുണ്ടാകണം. ജനവാസ മേഖലകളിൽ വന്യമൃഗങ്ങളെ നിയന്ത്രണ വിധേയമാക്കുന്നതിന് സമഗ്രമായ നടപടികൾ വേണമെന്ന് ശ്രേഷ്ഠ ബാവ ആവശ്യപ്പെട്ടു.
രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാപ്പോലീത്ത മുഖ്യ പ്രഭാഷണം നടത്തി. എം.പി മാരായ കെ. ഫ്രാൻസിസ് ജോർജ്, ഡീൻ കുര്യാക്കോസ്, മാത്യു കുഴൽനാടൻ എം.എൽ.എ, ഫാ. പയസ് മലേകണ്ടത്തിൽ, ഫാ. ഫാ. വിൻസെന്റ് നെടുങ്ങാട്ട്, ജാൻസി മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. കോതമംഗലം രൂപത ശ്രേഷ്ഠ ബാവായ്ക്ക് ഉപഹാരം സമർപ്പിച്ചു. സമ്മേളനത്തിൽ രൂപതയിലെ വൈദികരും നൂറുകണക്കിന് വിശ്വാസികളും സംബന്ധിച്ചു.

ഫിസാറ്റിൽ എം.ബി.എ. സീറ്റ് ഒഴിവ്

അങ്കമാലി: ഫിസാറ്റ് ബിസിനസ്സ് സ്കൂളിൽ ഏതാനും എം ബി എ സീറ്റുകളിൽ ഒഴിവ്. അർഹരായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും ജൂലൈ 19 വേ ന് .

അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കാം (https://register.fisat.ac.in/mba/) കൂടുതൽ വിവരങ്ങൾക്ക്:9496419656,9656968242.

ഒൻപത് കിലോ കഞ്ചാവുമായി മയക്കുമരുന്ന് കടത്ത് ശ്യംഖലയിലെ പ്രധാനി പിടിയിൽ

കൊച്ചി: വിൽപ്പനയ്ക്കായി എത്തിച്ച ഒൻപത് കിലോ കഞ്ചാവുമായി മയക്കുമരുന്ന് കടത്ത് ശൃംഖലയിലെ പ്രധാനി എറണാകുളം റേഞ്ച് എക്സൈസിന്റെ പിടിയിലായി.

ചിറ്റൂർ, വടുതല പോഴമംഗലം വീട്ടിൽ ജോസഫ് ജിബിൻ ജോണി(35)നെയാണ് എറണാകുളം എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ ആർ.അഭിരാജിന്റെ നേതൃത്വത്തിൽ പിടിയിലായത്. പ്രതിയിൽ നിന്നും ഒമ്പത് കിലോഗ്രാം കഞ്ചാവ് എക്സൈസ് പിടിച്ചെടുത്തു.

എറണാകുളം, വടുതല, ചിറ്റൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കോളേജ് വിദ്യാർഥികൾ അടക്കമുള്ള യുവതീയുവാക്കൾ ഉൾപ്പെടെയുള്ളവർക്കാണ് പ്രതി മയക്കുമരുന്ന് വിൽപ്പന നടത്തി വന്നിരുന്നത്.

നിരവധി ക്രിമിനൽ കേസിലെ പ്രതിയായ ഇയാൾ 10 കിലോ കഞ്ചാവ് കടത്തിയ കേസിൽ തടവിൽ കഴിഞ്ഞ് ഏതാനും മാസങ്ങൾക്ക് മുമ്പാണ് ജയിൽ മോചിതനായത്.

■ പ്രതി ജോസഫ് ജിബിൻ ജോൺ

ഒരാഴ്ച മുമ്പ് എറണാകുളം ടൗൺ ഭാഗത്ത് നിന്ന് ചെറിയ അളവിലുള്ള കഞ്ചാവുമായി പിടിയിലായ യുവാവിനെ ചോദ്യം ചെയ്തതിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ജിബിൻ എറണാകുളം റേഞ്ച് എക്സൈസിന്റെ നിരീക്ഷണത്തിൽ ആയിരുന്നു.

ആന്ധ്രയിലെ വിജയവാഡയിൽ നിന്ന് കഞ്ചാവ് മൊത്തമായി വാങ്ങി കൊണ്ടുവന്ന് എറണാകുളം ടൗണിലെ വിവിധ ഭാഗങ്ങളിലുള്ള ഇടനിലക്കാർക്ക് മൊത്തമായും ചില്ലറയായും കൈമാറുന്നതായിരുന്നു ഇയാളുടെ കച്ചവടത്തിന്റെ രീതി.

കഞ്ചാവ് കൈമാറുന്നതിന് ഇടനിലക്കാരനെ കാത്ത് വടുതല പാലം റോഡിന് സമീപം നിന്നിരുന്ന ഇയാളെ 1.200 കിലോഗ്രാം കഞ്ചാവുമായി എക്സൈസ് സംഘം പിടികൂടുകയായിരുന്നു.

ഇയാളെ വിശദമായി ചോദ്യം ചെയ്തതിൽ നിന്നും ഇയാളുടെ താമസ സ്ഥലത്തോട് ചേർന്ന് ചതുപ്പിൽ കുഴിച്ചിട്ട നിലയിൽ എട്ടു കിലോയോളം കഞ്ചാവും എക്സൈസ് സംഘം കണ്ടെത്തി. കേസിൽ ഇയാളുടെ കൂട്ടാളികളെ കുറിച്ച് വ്യക്തമായ സൂചനകൾ ലഭിച്ചതായും വരുംദിവസങ്ങളിലും കൂടുതൽ അറസ്റ്റ് ഉണ്ടാകുമെന്നും എക്സൈസ് അറിയിച്ചു. അസി. എക്സൈസ് ഇൻസ്പെക്ടർ വിനോദ് ടി.എം., പ്രിവന്റീവ് ഓഫീസർ എൻ.ഡി. ടോമി, സിവിൽ എക്സൈസ് ഓഫീസർമാരായ അമൽ ദേവ്, ജിഷ്ണു മനോജ്, പ്രവീൺ വി.എച്ച്, ഫെബിൻ എൽദോസ്, അമ്പിളി.എം.എ, പ്രവീൺ പി.സി എന്നിവരും എക്സൈസ് സംഘത്തിൽ ഉണ്ടായിരുന്നു.

എം.എൽ.എ.ക്ക് എതിരെ അപവാദ പ്രചാരണം; കേസെടുത്ത് പോലീസ്

കോതമംഗലം: ആന്റണി ജോൺ എം.എൽ.എ. യെ സോഷ്യൽ മീഡിയയിലൂടെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ച സംഭവത്തിൽ കോതമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് പ്രകാരം യൂത്ത് കോൺഗ്രസ് ജില്ല സെക്രട്ടറി വാരപ്പെട്ടി സ്വദേശി ബിനോയ് ജോഷാക്കെതിരെയും കോൺഗ്രസ് സൈബർ ടീം ഫേസ്ബുക്ക് അക്കൗണ്ടിന്റെ അഡ്മിന്മാർക്കെതിരെയും കോതമംഗലം പോലീസ് കേസ് രജിസ്റ്റർ ചെയ്തു. കോതമംഗലം മുനിസിപ്പൽ കൗൺസിലർ പോക്സോ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ടാണ് രണ്ട് അക്കൗണ്ടുകൾ വഴിയും എം.എൽ.എ. ക്കെതിരെ വ്യാപകമായി അപവാദ പ്രചാരണങ്ങൾ നടത്തിയത്. ഇതിന്റെ പേരിലാണ് കോടതി നിർദ്ദേശപ്രകാരം കോതമംഗലം പോലീസ് കേസ് രജിസ്റ്റർ ചെയ്തത്.

വറ്റ വിത്തുൽപാദനത്തിൽ സി.എം.എഫ്.ആർ.ഐക്ക് നേട്ടം

കൊച്ചി: ഉയർന്ന വിപണി മൂല്യമുള്ള സമുദ്രമത്സ്യമായ വറ്റയുടെ വിത്തുൽപാദന സാങ്കേതികവിദ്യയിൽ സിഎംഎഫ്ആർഐക്ക് നേട്ടം.രാജ്യത്തെ മികച്ച അഞ്ച് ഫിഷറീസ് സാങ്കേതികവിദ്യകളിൽ ഇടം നേടിയ വിത്തുൽപാദന സാങ്കേതികവിദ്യയാണ് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) ആദ്യ അഞ്ചിൽ ഇടം പിടിച്ചത്. ഐസിഎആറിന്റെ 97-ാമത് സ്ഥാപക ദിനാഘോഷ വേളയിൽ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഈ നൂതന സാങ്കേതികവിദ്യ ഔദ്യോഗികമായി പുറത്തിറക്കി.

വറ്റയെ കൃത്രിമമായി പ്രജനനം നടത്തുന്നതിനുള്ള ഈ സാങ്കേതികവിദ്യ രാജ്യത്തിന്റെ സുസ്ഥിര സമുദ്രകൃഷിയിൽ വലിയ മുന്നേറ്റത്തിന് വഴിതുറക്കും. ആദ്യമായാണ് ഇവയുടെ വിത്തുൽപാദനം നടത്തുന്നത്. വറ്റയുടെ കൃഷി കൂടുതൽ ജനകീയമാക്കാമെന്നതാണ് ഈ സാങ്കേതികവിദ്യയുടെ പ്രാധാന്യം. മറ്റ് പല മീനിനേക്കാളും വേഗത്തിൽ വളരാനും പ്രതികൂല സാഹചര്യങ്ങളെ പ്രതിരോധിക്കാനും ശേഷിയുള്ള മീനാണ് വറ്റയെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.ഗ്രിൻസൺ ജോർജ് പറഞ്ഞു. സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം ഗവേഷണ കേന്ദ്രത്തിലെ ഗവേഷകരാണ് സാങ്കേതികവിദ്യ വികസിപ്പിച്ചത്.

സ്വകാര്യ ബസുകളിലെ വിദ്യാർഥി കൺസഷൻ ചാർജ് വർധിപ്പിക്കണം: ബി.ഒ.സി.ഐ

കൊച്ചി: സ്കൂൾ ഫീസ് വർധിപ്പിച്ച സാഹചര്യത്തിൽ സ്വകാര്യ ബസുകളിലെ വിദ്യാർഥികളുടെ കൺസഷൻ ചാർജ്ജും വർധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ബസ് ആൻഡ് കാർ ഓപ്പറേറ്റേഴ്സ് കോൺഫെഡറേഷൻ ഓഫ് ഇന്ത്യ (ബി.ഒ.സി.ഐ) ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകാത്തത് മൂലം സംസ്ഥാന സർക്കാരിന് 300 കോടി രൂപയാണ് റവന്യൂ നഷ്ടം. 28,000 വാഹനങ്ങളാണ് ഇതോടെ നിരത്തിൽ നിന്ന് പിൻവലിക്കേണ്ടി വന്നതെന്ന് ദക്ഷിണ മേഖല സീനിയർ വൈസ് പ്രസിഡന്റ് മനോജ് പടിക്കൽ പറഞ്ഞു.

സ്റ്റേജ് കാര്യേജ് ഓപ്പറേറ്റർമാർ ജൂലൈ 22 ന് അനിശ്ചിതകാല സമരം തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.കോൺഫെഡറേഷന്റെ ദക്ഷിണ മേഖല നേതൃസംഗമവും ദേശീയ ഗവേണിംഗ് ബോഡിയും ഇന്നും നാളെയും കൊച്ചിയിൽ നടക്കും. എറണാകുളം ടൗൺഹാളിൽ നാളെ രാവിലെ ഒൻപതരയ്ക്ക് നടക്കുന്ന നേതൃസംഗമം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. ബി.ഒ.സി.ഐ കേരള ചെയർമാൻ ബിനു ജോൺ അധ്യക്ഷത വഹിക്കും.മന്ത്രി പി.രാജീവ് മുഖ്യാതിഥിയാകും. ബി.ഒ.സി.ഐ ദേശീയ പ്രസിഡന്റ് പ്രസന്ന പട്വർധൻ മുഖ്യപ്രഭാഷണം നടത്തും. ഹൈബി ഈഡൻ എംപി സുവനീർ പ്രകാശനം നിർവ്വഹിക്കും. ഇന്ന് 2.30 ന് നടക്കുന്ന ദേശീയ ഗവേണിംഗ് ബോഡിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 40 ലധികം ദേശീയ സമിതി അംഗങ്ങൾ പങ്കെടുക്കും.നേതൃസംഗമത്തിന് മുന്നോടിയായി ഇന്നലെ ട്രാൻസ്പോർട്ട് കോൺക്ലേവ് സംഘടിപ്പിച്ചു.

സപ്ലൈകോ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കണം: ജില്ലാ കൺവെൻഷൻ

കൊച്ചി: സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ തസ്തികകൾ വെട്ടിക്കുറയ്ക്കുവാനുള്ള തീരുമാനം പിൻവലിക്കണമെന്നും ഓൺലൈൻ സ്ഥലംമാറ്റം അടിയന്തരമായി നടപ്പിലാക്കണമെന്നും കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് ഫെഡറേഷൻ എറണാകുളം ജില്ലാ കൺവെൻഷൻ ആവശ്യപ്പെട്ടു.സിവിൽ സപ്ലൈസ് വകുപ്പിൽ ഡെപ്യൂട്ടേഷൻ വെട്ടിക്കുറച്ചതിലെ അശാസ്ത്രീയത പരിഹരിക്കുന്നതിന് പ്രതിവർഷ ഡെപ്യൂട്ടേഷൻ തസ്തികകളുടെ കുറവ് ചെയ്യൽ പത്ത് ശതമാനത്തിൽ നിന്ന് 5 ശതമാനം എന്ന നിലയിൽ കുറയ്ക്കണം.വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം അടിയന്തിരമായി നടപ്പിലാക്കണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു.സി.അച്യുതമേനോൻ ഹാളിൽ നടന്ന കൺവെൻഷൻ ജോയിന്റ് കൗൺസിൽ സംസ്ഥാന സെക്രട്ടറിയേറ്റംഗം വി.കെ.മധു ഉദ്ഘാടനം ചെയ്തു. ശർമേഷ് പി.അദ്ധ്യക്ഷത വഹിച്ചു. സൗമ്യമോൾ എസ് സ്വാഗതം പറഞ്ഞു. കെ സി എസ് ഓ എഫ് ജനറൽ സെക്രട്ടറി വിനോദ് കെ, ജോയിന്റ് കൗൺസിൽ ജില്ലാ സെക്രട്ടറി ഹുസൈൻ പതുവന, കെ കെ ശ്രീജേഷ്, ധന്യപൊന്നപ്പൻ, ജി അരുൺകുമാർ,ഇ പി പ്രവിത, രാജേഷ് എ ആർ,ബിജു, ഉണ്ണികൃഷ്ണൻ സി കെ,എന്നിവർ സംസാരിച്ചു. കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് ഫെഡറേഷൻ മെമ്പർഷിപ്പ് ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനവും ചടങ്ങിൽ നിർവഹിച്ചു.ഭാരവാഹികൾ : ശർമേഷ് പി (പ്രസിഡന്റ്), അനിൽ പി എസ്, ഇന്ദുലേഖ വി എം(വൈസ് പ്രസിഡന്റുമാർ),സൗമ്യമോൾ എസ്(സെക്രട്ടറി), സതീഷ് കെ എൻ, ബിജു എൻ പി (ജോയിന്റ് സെക്രട്ടറിമാർ), രൂബാഷ് ചന്ദ് (ട്രഷറർ).

നോർക്ക റൂട്ട്സ് പ്രവാസി സംരംഭകത്വ ശില്പശാല

കൊച്ചി: പ്രവാസികൾക്കും തിരിച്ചെത്തിയ പ്രവാസികൾക്കുമായി നോർക്കാ റൂട്ട്സും സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റും (സി.എം.ഡി) സംഘടിപ്പിക്കുന്ന സൗജന്യ ഏകദിന സംരംഭകത്വ ശില്പശാല ജൂലൈ 31 ന് പെരുമ്പാവൂരിൽ.

താല്പര്യമുള്ളവർ പെരുമ്പാവൂർ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിനു സമീപത്തെ വൈ.എം.സി.എ കോൺഫറൻസ് ഹാളിൽ രാവിലെ 09.30 നകം എത്തിച്ചേരണം.തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് പദ്ധതിയുടേയും മറ്റ് പദ്ധതികളുടേയും വിശദാംശങ്ങൾ ശില്പശാലയിൽ ലഭ്യമാകും. ഉചിതമായ സംരംഭങ്ങൾ തിരഞ്ഞെടുക്കാം. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക, നിയമ, മാനേജ്മെന്റ് മേഖലകളെ സംബന്ധിച്ചുള്ള മാർഗനിർദേശങ്ങളും ലഭിക്കും. ഇതോടൊപ്പം കുറഞ്ഞ മൂലധനത്തിൽ നാട്ടിൽ ആരംഭിക്കുവാൻ കഴിയുന്ന നൂതന ബിസിനസ്സ് ആശയങ്ങളും പരിചയപ്പെടാം. വിശദ വിവരങ്ങൾക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് ഹെൽപ്പ് ഡെസ്കിലെ 0471 2329738, 91-8078249505 എന്നീ നമ്പറുകളിൽ (പ്രവൃത്തി ദിനങ്ങളിൽ, ഓഫീസ് സമയത്ത്) ബന്ധപ്പെടാവുന്നതാണ്. രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലിചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസികേരളീയർക്ക് സ്വയംതൊഴിലോ സംരംഭങ്ങളോ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും പ്രയോജനപ്പെടുന്നതാണ് എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി. 91-8802012345 (വിദേശത്തുനിന്നും, മിസ്ഡ് കോൾ സർവീസ്) ബന്ധപ്പെടാം.

■ നോർത്ത് മാറാടി ഗവ.യു.പി. സ്കൂളിൽ മംഗളം അക്ഷരജ്യോതി പദ്ധതിയുടെ ഉദ്ഘാടനം മീങ്കുന്നം ഹന്ന റോക്ക് പ്രൊഡക്ടസ് മാനേജർ ഹരീഷ് ജി.നായർ നിർവഹിക്കുന്നു.

നോർത്ത് മാറാടി ഗവ. യു.പി. സ്കൂളിൽ മംഗളം അക്ഷരജ്യോതി

മൂവാറ്റുപുഴ: വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനായി മംഗളം ദിനപത്രം സ്കൂളുകളിൽ നടപ്പിലാക്കുന്ന അക്ഷരജ്യോതി പദ്ധതിക്ക് നോർത്ത് മാറാടി ഗവ. യു.പി. സ്കൂളിൽ തുടക്കമായി.

മീങ്കുന്നം ഹന്ന റോക്ക് പ്രൊഡക്ടസ് മാനേജർ ഹരീഷ് ജി.നായർ പദ്ധതി ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥി പ്രതിനിധികളായ ജോപ്പാൻ ഷൈജു, രേവതി ജിബീഷ് എന്നിവർ പത്രം ഏറ്റുവാങ്ങി. സ്കൂൾ ഹെഡ്മിസ്ട്രസ് സുനിത എം.എൽ, പി.ടി.എ പ്രസിഡന്റ് സണ്ണി വർഗീസ്, എസ്.എം.സി ചെയർമാൻ പ്രവീൺ എൽദോസ്, അധ്യാപകരായ നൈജി കെ.കെ, അനു ജോൺ, അനുമോൾ ജെയിംസ്, കീർത്തി ജി.കൃഷ്ണൻ, ബിനു ഇ.എം, റ്റെജി റ്റി.ജോർജ്, അഞ്ചു കെ.ആർ, രാകേഷ് പി.എസ്, നവനീത് എ.ബി, മംഗളം റിപ്പോർട്ടർ സി.എ ഷഫീഖ്, സൂപ്പർവൈസർ അജി വർഗീസ് എന്നിവർ സംബന്ധിച്ചു. മീങ്കുന്നം ഹന്ന റോക്ക് പ്രൊഡക്ടസ് കമ്പനിയാണ് പത്രം സ്പോൺസർ ചെയ്തിരിക്കുന്നത്.

സി.എൻ രാമചന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് പുറത്തുവിടണം: കെ.ആർ.എൽ.സി.സി

വൈപ്പിൻ : സി.എൻ രാമചന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സർക്കാർ പുറത്തുവിടണമെന്ന് കെആർഎൽസിസി വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ് ആവശ്യപ്പെട്ടു.

വിലകൊടുത്ത് വാങ്ങിയ ഭൂമിയുടെ റവന്യൂ അവകാശങ്ങൾക്ക് വേണ്ടി സമരം ചെയ്യുന്ന മുനമ്പം -കടപ്പുറത്തെ ജനതക്ക് നീതി നടപ്പാക്കാൻ സർക്കാർ ഉടൻ തയ്യാറാകണമെന്നാവശ്യപ്പെട്ട് എറണാകുളം കളക്ടറേറ്റിനുമുന്നിൽ വിവിധ സമുദായങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുനമ്പം ജനതയെ സർക്കാർ ചർച്ചക്ക് വിളിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ പുലർത്തുന്ന കാലവിളംബം ആസന്ന ഭാവിയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.

കെ.സി.ബി.സി ഡപ്യൂട്ടി സെക്രട്ടറി ഫാ തോമസ് തറയിൽ, കെആർഎൽസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ. ജിജു അറക്കത്തറ, കുടുംബി സേവ സമാജം സംസ്ഥാന പ്രസിഡന്റ് എ.എസ് ശ്യാംകുമാർ, എസ്എൻഡിപി മുനമ്പം ശാഖ പ്രസിഡന്റ് മുരുകൻ കാതികുളത്ത്, കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ ഷെറി ജെ തോമസ്, സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ജോസി,, കെഎൽസിഡബ്യുഎ സംസ്ഥാന ട്രഷറർ റാണി പ്രദീപ്, കെസിവൈഎം സംസ്ഥാന പ്രസിഡന്റ് പോൾ ജോസ്, കോട്ടപ്പുറം രൂപത വികാരി ജനറൽ മോൺ. റോക്കി റോബി കളത്തിൽ, മുനമ്പം ഭൂസംരക്ഷണ സമിതി രക്ഷാധികാരി ഫാ. ആന്റണി തറയിൽ സിപി, ചെയർമാൻ ജോസഫ് റോക്കി, വൈസ് ചെയർമാൻ ജോസഫ് ബെന്നി, കോട്ടപ്പുറം രൂപത കെഎൽസിഎ പ്രസിഡന്റ് അനിൽ കുന്നത്തൂർ, സിഎസ്എസ് കോട്ടപ്പുറം രൂപത പ്രസിഡന്റ് ജിസ്മോൻ ഫ്രാൻസിസ്, കെസിവൈഎം വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക്ക്, കെഎൽസിഎ വരാപ്പുഴ അതിരൂപത നേതാക്കളായ ബാബു ആന്റണി, സിബി ജോയ് എന്നിവർ പ്രസംഗിച്ചു.

ധർണ്ണക്ക് മുന്നോടിയായി മുൻസിപ്പൽ ഓഫീസിനു മുന്നിൽനിന്ന് കളക്ടറേറ്റിന്റെ തെക്കേ ഗേറ്റിലേക്ക് റാലി നടന്നു.വരാപ്പുഴ, കോട്ടപ്പുറം,,രൂപതകളിലെ അല്മായ നേതാക്കളും എസ്എൻഡിപി, കുടുംബി, വേട്ടുവ, ധീവര തുടങ്ങിയ സമുദായങ്ങളുടെ നേതൃനിരയും മുനമ്പം ജനതയും വൈദികരും, സന്യസ്തരും , കെആർഎൽസിസി, കെഎൽസിഎ, കെസിവൈഎം, സിഎസ്എസ്, കെഎൽസിഡബ്ല്യുഎ , കെഎൽഎം തുടങ്ങിയ സംഘടനകളുടെ നേതാക്കളും ഉൾപ്പെടെ കോരിച്ചൊരിയുന്ന മഴയെ അവഗണിച്ച് നൂറുകണക്കിന് പേർ പങ്കെടുത്തു.

മുനമ്പം തീരദേശത്തെ 610 കുടുംബങ്ങളുടെ ഭൂമിയുടെ റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിക്കണമെന്ന ആവശ്യവുമായി സമാധാനപരമായാണ് റാലിയും ധർണയും നടന്നത്.

നൂറ്റാണ്ടുകളായി മുനമ്പം കടൽത്തീരത്ത് മത്സ്യബന്ധനത്തിലൂടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന കുടുംബങ്ങൾ, 36 വർഷത്തെ നിയമയുദ്ധത്തിനൊടുവിൽ, 35 വർഷങ്ങൾക്കു മുമ്പ് ഫറൂഖ് കോളേജിൽനിന്ന് ഭൂമി വാങ്ങി കേരള രജിസ്ട്രേഷൻ വകുപ്പിന്റെ മാർഗനിർദേശ പ്രകാരം കരമടച്ച് പോക്കുവരവ് നേടി സ്വത്തവകാശം സംരക്ഷിച്ചുവരികയായിരുന്നു.

എന്നാൽ, 2022-ലാണ് വഖഫ് ബോർഡിന്റെ അവകാശവാദത്തെ തുടർന്ന് സർക്കാർ ഈ കുടുംബങ്ങളുടെ റവന്യൂ അവകാശങ്ങൾ നിഷേധിച്ചത്.മുനമ്പം തീരദേശവാസികൾക്ക് നീതി ഉറപ്പാക്കുന്നതിന് സർക്കാർ സത്വരം ഇടപെടണമെന്നാവശ്യപ്പെട്ടായിരുന്നു ധർണയും റാലിയും.

■ വിലകൊടുത്ത് വാങ്ങിയ ഭൂമിയുടെ റവന്യൂ അവകാശങ്ങൾക്ക് വേണ്ടി സമരം ചെയ്യുന്ന മുനമ്പം -കടപ്പുറത്തെ ജനതക്ക് നീതി നടപ്പാക്കാൻ സർക്കാർ ഉടൻ തയ്യാറാകണമെന്നാവശ്യപ്പെട്ട് എറണാകുളം കളക്ടറേറ്റിനു മുന്നിൽ വിവിധ സമുദായങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ധർണ്ണ കെ.ആർ.എൽ.സി.സി വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ് ഉദ്ഘാടനം ചെയ്യുന്നു.

ദേശീയ ശുചിത്വ പുരസ്കാര നിറവിൽ കൊച്ചി: കൊച്ചി നഗരസഭയ്ക്ക് അമ്പതാം റാങ്ക്

കൊച്ചി; കേന്ദ്ര മന്ത്രാലയത്തിന്റെ പാർപ്പിട-നഗരകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന രാജ്യത്തെ ഏറ്റവും വലിയ ശുചിത്വ സർവേയായ സ്വച്ഛ് സർവേക്ഷനിൽ ദേശീയ തലത്തിൽ കൊച്ചി നഗരസഭയ്ക്ക് അമ്പതാം റാങ്ക്.

ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ സ്വച്ഛ് സർവേക്ഷൻ ഒമ്പതാം പതിപ്പിന്റെ ഫലപ്രഖ്യാപനം രാഷ്ട്രപതി ദ്രൗപദി മുർമ്മു നിർവഹിച്ചു.ദേശീയ സ്വച്ഛ് സർവേക്ഷൻ 2024, ഗാർബേജ് ഫ്രീ സിറ്റി റേറ്റിംഗ്, ഒ ഡി എഫ് റേറ്റിംഗ് എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവച്ചതിനാണ് കൊച്ചി നഗരസഭയ്ക്ക് റാങ്ക് ലഭിച്ചത്.

മൂന്ന് ലക്ഷം മുതൽ പത്ത് ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളുടെ പട്ടികയിലാണ് കൊച്ചി ദേശീയ തലത്തിൽ അമ്പതാം സ്ഥാനം കരസ്ഥമാക്കിയത്.

സ്വച്ഛ് ഭാരത് മിഷൻ (അർബൻ)ന്റെ ഭാഗമായി കേന്ദ്ര പാർപ്പിട-നഗരകാര്യ മന്ത്രാലയം നടത്തുന്ന വാർഷിക ശുചിത്വ സർവേയാണ് സ്വച്ഛ് സർവേക്ഷൻ. 2024-ലെ സർവേയിൽ ഇന്ത്യയിലെ 4900 നഗരങ്ങൾ പങ്കെടുത്തിരുന്നു,

പൊതുജന അഭിപ്രായം,സേവനതലമികവ്, സർട്ടിഫിക്കേഷൻ എന്നിവയെ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് നിർണയിച്ചത്.

ഗാർബേജ് ഫ്രീ സിറ്റി റേറ്റിംഗിൽ കൊച്ചിയ്ക്ക് വൺ സ്റ്റാർ റേറ്റിങ്ങും ലഭിച്ചു.

ഗാർബേജ് ഫ്രീ സിറ്റി റേറ്റിംഗ് ലഭിക്കുന്ന കേരളത്തിലെ ആദ്യത്തെ നഗരസഭകളിൽ ഒന്നാണ് കൊച്ചി. ഖര മാലിന്യ സംസ്കരണത്തിന്റെ കാര്യക്ഷമത, ശാസ്ത്രീയമായ ശേഖരണവും തരംതിരിക്കലും, പുനരുപയോഗവും സംസ്കരണ സംവിധാനങ്ങളും, പൊതുജന പങ്കാളിത്തം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ജി എഫ് സി സ്റ്റാർ റേറ്റിംഗ് നിശ്ചയിച്ചത്. ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള സ്റ്റാർ റേറ്റിംഗുകൾ, നഗരസഭയുടെ സമഗ്രമായ മാലിന്യനിർമാർജ്ജനത്തിന്റെയും ശുചിത്വ സംവിധാനങ്ങളെയും അടിസ്ഥാനമാക്കിയാണ് നൽകുന്നത്. ഒ.ഡി.എഫ് റേറ്റിംഗിൽ കൊച്ചി ഒ.ഡി.എഫ് പ്ലസ് പ്ലസും കൈവരിച്ചു.